## വിവാഹം



കത്തീഡ്രൽ ഇടവകയിൽ പാലാരിവട്ടം പൂതിയോട്ട് (പൂവത്തൂർ) വീട്ടിൽ ശ്രീ. സുരേഷ് മാത്യുവിന്റെയും ശ്രീമതി റീത്താ മാത്യുവിന്റെയും മകൻ **സുനിത് മാത്യുവും** കളമശ്ശേരി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ ചങ്ങമ്പുഴ നഗർ കാനാവിൽ (കാരുവേലിൽ വടക്കേ മുണ്ടകത്തിൽ) ശ്രീ. ബാജി ഏബ്രഹാമിന്റെയും ശ്രീമതി ഷീലാ ബാജിയുടെയും മകൾ **നിതു അന്നാ ബാജിയും** തമ്മിലുള്ള വിവാഹം 2019 ഫെബ്രുവരി മാസം 17-ാം തീയതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം ഈ മാസം ഉണ്ടായിരിക്കുന്നതല്ല**

*(ഇടയലേഖനം തുടർച്ച)*

ഈ കുരിശിക്കലിൽ നാം ക്രിസ്തുവിനോട് ചേർത്ത് ബന്ധിക്കപ്പെടുകയാണ്. അവിടുത്തെ ബലി എല്ലാവർക്കും വേണ്ടിയായിരുന്ന പ്രകാരം, ജീവിതത്തിൽ നമുക്കുണ്ടാകാവുന്ന സഹനങ്ങളും സമർപ്പണങ്ങൾക്കും വിശാലമായ മാനമുണ്ട്. മിസ്റ്റിക് തലത്തിൽ, ലോകത്തിനു മരിക്കുക എന്നു പറയും. മരണം വരുത്തുന്ന ലോകത്തിനുള്ള മരണം, ജീവനിലേക്കുള്ള പ്രവേശനമായിത്തീരുന്നു. സ്വമരണത്തിലൂടെ നമുക്കു സമൃദ്ധമായ ജീവൻ തന്ന കർത്താവിനു നന്ദിയർപ്പിക്കുന്നതാവട്ടെ നമ്മുടെ ജീവിതം■

## അറിയിപ്പ്

എറണാകുളം സെൻറ് മേരീസ് കത്തീഡ്രലിന്റെ കിഴക്കുവശത്തുള്ള മാർ പക്കോമിയോസ് നഗർ മോടി പിടിപ്പിച്ചിട്ടുള്ള വിവരം ഇതിനകം എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമല്ലോ. ഏഴായിരത്തിലധികം ചതുരശ്ര അടി ഇപ്രകാരം തയ്യാറാക്കിയിട്ടുണ്ട്. നാനൂറ് ചതുരശ്ര അടിയോളം വരുന്ന സ്റ്റേജ്, നല്ല ഒരു അടുക്കള, രണ്ട് ഭാഗത്തായി വാഷ്, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. കാർ പാർക്കിങ്ങിനായി ബോട്ട് ജെട്ടിക്കുള്ളിലും, ബോട്ട് ജെട്ടിയിൽ നിന്ന് കിഴക്കോട്ടുള്ള റോഡിൽ YAS RESTAURANT BEST BAKERS മുൻ വശത്തായും കാനൻഷെഡ് റോഡ്-മാർക്കറ്റ് റോഡ് ജംഗ്ഷനിലും കാർ പാർക്കിങ്ങ് സൗകര്യമുണ്ട്. ഞായറാഴ്ചകളിൽ റവന്യൂ ടവറിലും ഈ സൗകര്യം ലഭ്യമാണ്. വിവാഹങ്ങൾ, വിവാഹനിശ്ചയം, മാമോദീസ, മരണാനന്തര ചടങ്ങുകൾ, വിവാഹത്തലേന്നുള്ള ചടങ്ങുകൾ എന്നിവയ്ക്ക് ക്രിസ്തീയതയ്ക്ക് യോജിച്ച രീതിയിൽ ഇടവകക്കാർക്ക് നൽകുവാൻ പള്ളി പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനകം പലരും ഈ സൗകര്യം ഉപയോഗിക്കുകയും അഡ്വാൻസായി ബുക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**ഇംഗ്ലീഷ് വി. കുർബ്ബാന കത്തീഡ്രലിൽ മെയ് 5ന് പുനരാരംഭിക്കുന്നതാണ്.**

*(എഡിറ്റോറിയൽ തുടർച്ച)*

കാർക്ക് രക്ഷയായി. അവർ കുറെ വള്ളങ്ങളിൽ ആടുമാടുകളും, ഭക്ഷ്യസാധനങ്ങളും ശേഖരിച്ച് ഇംഗ്ലീഷുകാർക്ക് എത്തിച്ചുകൊടുക്കുവാൻ നിശ്ചയിച്ചു. നദികളിൽക്കൂടി വലിയ വള്ളങ്ങൾ വരുന്നത് കണ്ട് യുദ്ധക്കോപ്പുകളാണ് വരുന്നതെന്നു പേടിച്ച് സമാധാനത്തിനുള്ള കൊടി ഉയർത്തുകയാണ് ഇംഗ്ലീഷുകാർ ചെയ്തത്. ശത്രുക്കൾക്കുവേണ്ടി നല്ലതു ചെയ്ത തദ്ദേശ്യർ അങ്ങിനെ അവരുടെ മിത്രങ്ങളായി മാറിയെന്നാണ് പറയപ്പെടുന്നത്.

ക്രിസ്ത്യാനികളായ നമുക്ക് ലഭിച്ചിട്ടുള്ള ഏറ്റവും വലിയ ആശയമാണ് 'ശത്രുക്കളെ സ്നേഹിക്ക'യെന്നത്. ഇത് പ്രാവർത്തികമാക്കാൻ ശ്രമിച്ചാൽ എത്ര വലിയ പ്രതിസന്ധികളെയും നേരിടാനും, എല്ലാവർക്കും പരസ്പരം സ്നേഹത്തോടെ വസിപ്പാനും കഴിയും. അതിനായി യേശുക്രിസ്തു നൽകിയ ഈ ആശയം ലോകരെല്ലാം അംഗീകരിക്കണമെന്നുമാത്രം. ■




Editorial Board : Fr. Jiju Varghese (Vicar), K.K. George (94470 40484), Paulose Jacob, V. N. Philipose, Mammen Abraham & Suma Mathew.
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490
Design & Lay-out: dittografix, Printed at Geo Printshop, Ernakulam





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 13 ISSUE : 04 April 2019

## എഡിറ്റോറിയൽ

### ശത്രു സംഹാരം അഭികാമ്യമോ?

ഒരു ശത്രു എങ്കിലും ഇല്ലാത്തവർ ചുരുക്കമാണെന്നു കരുതണം. അതും ദൈവത്തിന്റെ പ്ലാനിൽ ഉൾപ്പെട്ടതാണല്ലോ. അതുകൊണ്ട് ശത്രുക്കൾ നശിക്കാനല്ല, അവരുടെ ഉപദ്രവം നമുക്കുണ്ടാകാതെ കാക്കണമെ എന്ന് വേണം പ്രാർത്ഥിക്കുവാൻ. വി. പൗലോസ് തെസ്സലോനിക്യർക്ക് എഴുതിയ ലേഖനത്തിൽ ആവശ്യപ്പെടുന്നത് ദുഷ്ടന്മാരായ മനുഷ്യരുടെ കയ്യിൽ നിന്ന് അവർ വിടുവിക്കപ്പെടുവാനായി പ്രാർത്ഥിക്കണമെന്നാണല്ലോ (2 തെസ്സ 3:2). പൗലോസ് ദുഷ്ടന്മാരെ നശിപ്പിക്കുവാനല്ല, മറ്റുള്ളവരുടെ പ്രാർത്ഥനയുടെ ശക്തിയാൽ ദുഷ്ടന്മാരിൽ നിന്ന് രക്ഷപ്പെടുവാനാണല്ലോ ശ്രമിക്കുന്നത്. ചിലപ്പോൾ നല്ലവരായി തീരുന്ന ശത്രുക്കളെക്കൊണ്ടായിരിക്കും നമുക്ക് ഉപകാരമുണ്ടാവുക. വി. പൗലോസ് തന്നെയാണ് അതിന് ഏറ്റവും നല്ല ഉദാഹരണം. സ്തേഫാനോസിനെ കല്ലെറിയുവാൻ സഹകരിക്കുകയും, ആദ്യ സഭയെ അങ്ങേയറ്റം ഉപദ്രവിക്കുകയും ചെയ്ത പൗലോസിനെയാണല്ലോ പിൽക്കാലത്തു സഭക്ക് ഏറ്റവും പ്രയോജനമുള്ളവനായി ദൈവം രൂപാന്തരപ്പെടുത്തുന്നത്. ഇപ്പോഴത്തെ ശത്രുവിനെയായിരിക്കും, ഭാവിയിൽ നമുക്ക് ഏറ്റവും പ്രയോജനപ്രദമായി ദൈവം കരുതിയിരിക്കുന്നത്. ഞാനോ നിങ്ങളോടു പറയുന്നത്; നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ (മത്താ 5:44). ഇങ്ങോട്ട് സ്നേഹിക്കുന്നവരെ സ്നേഹിക്കുവാൻ ആർക്കും സാധിക്കും. എന്നാൽ യേശുക്രിസ്തു പഠിപ്പിക്കുന്നതുപോലെ ശത്രുക്കളെ സ്നേഹിക്കുവാൻ ക്രിസ്ത്യാനികൾക്കു മാത്രമേ സാധിക്കുകയുള്ളു. മറ്റു പല മതങ്ങളിലും, ശത്രുസംഹാരത്തിനായി പ്രത്യേക പ്രാർത്ഥനകളും, പൂജകളും നടത്തിവരുന്നുണ്ടല്ലോ. അതിന്റെ എല്ലാം ഫലം മനുഷ്യന്റെ മനസ്സ് കലുഷിതമാവുകയും, അവന്റെ സമാധാനം നഷ്ടപ്പെടുകയുമാണ്.

സമാധാനപ്രിയരായ ഒരുകൂട്ടം ആളുകൾ വസിക്കുന്ന ന്യൂസീലാൻഡ് എന്ന യൂറോപ്യൻ രാജ്യത്തു നടന്ന ഒരു സംഭവം എല്ലാവരെയും അതിശയിപ്പിക്കുന്നതാണ്. അവിടുത്തെ തദ്ദേശ്ശവാസികൾ 'മാവോറിസ്' എന്നാണറിയപ്പെട്ടിരുന്നത്. ഇംഗ്ലീഷുകാർ അവരെ യുദ്ധം ചെയ്തു തോൽപ്പിച്ചു കോളനിയാക്കുവാൻ ശ്രമിച്ച സമയം നദികളാൽ ചുറ്റപ്പെട്ട ഒരു ചെറിയ ദ്വീപിൽ ഇംഗ്ലീഷുകാരെ ഒറ്റപ്പെടുത്തുവാൻ മാവോറിസ്സിനു സാധിച്ചു. അവരുടെ ഭക്ഷണ സാധനങ്ങൾ എല്ലാം തീർന്ന് അവർ ശരിക്കും അവശരായി. പട്ടിണി കിടക്കുന്നവർ ശത്രുക്കളായാലും അവരുമായി യുദ്ധത്തിനില്ലെന്ന 'മാവോറിസ്' ആചാരം ഇംഗ്ലീഷു

*(ശേഷം 4-ാം പേജിൽ)*

## ഇടയ ലേഖനം

### നാമും കുരിശിക്കപ്പെടുന്നുവോ?

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



ഗലാ 2 : 20 ഞാൻ ക്രിസ്തുവിനോടുകൂടെ കുരിശിക്കപ്പെട്ടിരിക്കുന്നു.

മരണം ജീവന് മുഖാന്തിരമായിത്തീരുന്നു!. ഒരുവന്റെ മരണം വഴി അനേകർക്ക് സമൃദ്ധമായ ജീവൻ കൈവരുന്നു. പരസ്പരവിരുദ്ധമെന്നു തോന്നാവുന്ന പ്രസ്താവനകളാണിവ. 'ഭോക്താവിൽ നിന്ന് ഭോജന'മെന്നവണ്ണം മരണത്തിൽ നിന്നും ജീവൻ ഉദിക്കുന്നു. ചരിത്രാതീതകാലം മുതലേ ഈ തത്വം പാലിക്കപ്പെടുന്നതായിക്കാണുന്നു. ഒരിടത്തെ നഷ്ടം, മറ്റൊരിടത്തു ലാഭമായിത്തീരുന്നു. യേശുവിന്റെ മരണം, നമുക്ക് മരണമില്ലായ്മയുടെയും ജീവന്റെയും വാതിൽ തുറന്നു തന്നു എന്നതാണ് രക്ഷയുടെ സുവിശേഷം.

ഗ്രഹിക്കാൻ പ്രയാസമായ ഈ സംഗതി വിശദീകരിച്ചുകൊണ്ട് വി. പൗലോസ് പറയുന്നു. ക്രിസ്തുവിൽ എല്ലാവരും മരിക്കുന്നു; ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ എല്ലാവരും പുനരുത്ഥാനം പ്രാപിക്കുന്നു. ഇതൊരു താദാത്മ്യപ്പെടലാണ്. മനുഷ്യാവതാരത്തിൽ നമ്മോട് താദാത്മ്യപ്പെട്ട ക്രിസ്തുവിനോട് നാമും താദാത്മ്യം പ്രാപിക്കുന്നു.

'ക്രിസ്തുവിനോടൊപ്പം നമ്മളും കുരിശിക്കപ്പെടുന്നു' എന്നതിന്റെ വ്യാഖ്യാനം പൗലോസ് അപ്പോസ്തോലൻ തന്നെ പറഞ്ഞുതരുന്നുണ്ട്. അദ്ദേഹത്തിന്റെ ഭാഷ്യമിതാ: 'ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു'. ഒരു സമൂലം വ്യതിയാനത്തിന്റെയും രൂപാന്തരത്തിന്റെയും വഴിയാണത്. എന്നിലെ, 'ഞാൻ' അസ്തമയ ബിന്ദുവിലെത്തിയാൽ, പിന്നെ 'ഞാൻ' എന്നതിന്റെ സ്ഥാനത്ത് ക്രിസ്തു വരുന്നു, അവിടുത്തെ ഭരണത്തിലും നിയന്ത്രണത്തിലും ഞാനെത്തുന്നു, കാരണം എന്നിലെ നിലയ്ക്കാത്ത ജീവൻ അവിടുന്ന് എനിക്കു തന്നതാണ്. എന്റെ നടപടികളും, വാക്കുകളും പ്രതികരണങ്ങളും എല്ലാം എന്റേതെല്ലാം ക്രിസ്തുവിന്റേതായി മാറുന്നു. അതായത്, എന്റെ 'ഉടമ' ഞാനല്ല. കർത്താവാകുന്നു. വി. പൗലോസ് ഇതിനെ 'വിശ്വാസജീവിതം' എന്ന് വിളിക്കുന്നു.

ക്രൂശിക്കപ്പെടുക എന്നാൽ, സഹനം വഴി ബലിയായിത്തീരുക എന്നാണല്ലോ. ക്രിസ്തു സഹിച്ചടത്തോളം പീഡകൾ ആർക്കും ഉണ്ടാവില്ല. എന്നാൽ പലരൂപത്തിലും അളവിലും പീഡകളുണ്ടാകാം. പ്രലോഭനങ്ങളുമുണ്ടാകാം. മറ്റൊരർത്ഥത്തിൽ, ആകാത്തവയെ, അതായത്, തിന്മകളെ ഒന്നൊന്നായി മന്ദിപ്പിക്കുക എന്നും അർത്ഥമാക്കാം. തിന്മകൾ വഴി മാറുന്നിടത്ത്, നന്മകൾ കുടിയേറണമെന്നുമാത്രം. അങ്ങനെ മരണം ജീവനു നിദാനമായി തീരുന്നു.

*(ശേഷം 4-ാം പേജിൽ)*

## വികാരിയുടെ കത്ത്

# “അവൻ സത്യമായിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്നു”

ഫാ. ജിജു വർഗീസ്



അമേരിക്കൻ ബഹിരാകാശ യാത്രികൻ, ജയിംസ് ഇർവിൻ ആണ് ചന്ദ്രനിൽ കാലുകുത്തിയ ആദ്യത്തെ വ്യക്തി. ഒരു സുവിശേഷ മഹായോഗത്തിൽ നൽകിയ സാക്ഷ്യത്തിൽ ചന്ദ്രനിൽ നിന്ന് കൊണ്ടുവന്ന ചെറിയ കല്ല് ഉയിർത്തിക്കാണിച്ചു പറഞ്ഞു ‘മനുഷ്യൻ ചന്ദ്രനിൽ പോയത് അത്ഭുതം ; എന്നാൽ സ്വർഗോന്നതികളിൽ വസിച്ച ദൈവം മനുഷ്യനായി ഈ ലോകത്തിൽ വന്നത് അത്ഭുതങ്ങളിൽ അത്ഭുതം’

‘ക്രിസ്തു സംഭവം’ അതായത് മനുഷ്യനായി ഈ ലോകത്തിൽ അവതരിച്ചു, മരിച്ചു അടക്കപ്പെട്ടു മൂന്നാം ദിവസം ഉത്ഥാനം ചെയ്തു എന്നത്, അത്ഭുതങ്ങളിൽ അത്ഭുതമാണ്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ, 1 കോരിന്ത്യർ 15:17 ൽ പറയുന്നു. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു .‘The resurrection of Jesus Christ is the foundation of the crown of our Orthodox Christian faith. ക്രിസ്തു ഉത്ഥിതനായി എന്നുള്ളതാണ് ഏറ്റവും ആദ്യത്തേതും, ശ്രേഷ്ഠവുമായ വലിയ സത്യം. ഒഴിഞ്ഞ കല്ലറയാണ് ക്രിസ്തു മാർഗ്ഗത്തിന്റെ അടിത്തറ. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ക്രിസ്തുസഭ അതിനു സാക്ഷ്യം വഹിക്കുന്നു. പ്രവാചകന്മാർ ഇതേക്കുറിച്ചു പറഞ്ഞിട്ടുണ്ട് (സങ്കീ:16:10) യേശുക്രിസ്തു തന്നെ സാക്ഷ്യം പറഞ്ഞിട്ടുണ്ട് (മർക്കോ:8 :31,9 :31) ആദിമ സഭയുടെ സാക്ഷ്യം മറ്റൊന്നല്ലായിരുന്നു (അപ്പോസ്ത 7 :18) ‘ഉയിർത്തെഴുന്നേല്പിന്റെ സുവിശേഷം’ (gospel of Resurrection) എന്നാണ് അപ്പോ: പ്രവൃത്തികളുടെ മറ്റൊരു തലക്കെട്ട്. യേശു ദൈവപുത്രൻ എന്നതിന്റെ സാക്ഷ്യ പത്രമാണ് ഉയിർത്തെഴുന്നേൽപ്പ്. ‘ഞാനും പിതാവും ഒന്നാകുന്നു’ എന്ന ദൈവദൂഷണം ആയിരുന്നു അവന്റെ മേൽ ചുമത്തിയ കുറ്റം. അതിനാണ് അവനെ ക്രൂശിച്ചത് (യോഹ:5:18). എന്നാൽ മരിച്ചിട്ടും ഉയിർത്തെഴുന്നേൽക്കുകയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്നും ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തു. (റോമ:1:5) സകല മനുഷ്യവർഗ്ഗത്തിന്റെയും പാപത്തിന്റെ പരിഹാരമായ ക്രൂശിലെ യാഗത്തെ ദൈവം സ്വീകരിച്ചുവെന്നാണ് ഉയിർത്തെഴുന്നേൽപ്പ് സാക്ഷിക്കുന്നത്.

റോമർ 4:24 ൽ പറയുന്നു മനുഷ്യന്റെ രണ്ടു അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ദൈവത്തിന്റെ ഉത്തരമാണ് ക്രൂശുമരണവും ഉയിർത്തെഴുന്നേൽപ്പും. ഒന്നാമതായി നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരിച്ചു. രണ്ടാമതായി നമ്മുടെ നീതികരണത്തിനായി ഉയിർത്തെഴുന്നേറ്റു .

എഫേസ്യർ 2:1, പാപത്തിന്റെ ഫലമായി മരിച്ചവരായിരുന്ന നമ്മെ യേശുക്രിസ്തുവിന്റെ മരണത്തിനാലും, ഉയിർപ്പിനാലും ജീവിപ്പിച്ചു. ക്രിസ്തുവിന്റെ പുനരുത്ഥാനം നമ്മുടെ പുനരുത്ഥാനത്തിന്റെ വാഗ്ദാനമാണ്.

മനുഷ്യനെ പാപത്തിൽനിന്നു രക്ഷിച്ചു, കുരിശുമരണത്തിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ്മയാണ് ഉയിർപ്പ്. ഒരു വിശ്വാസിയുടെ ആത്മീയ വിജയത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ദിനമാണിത്. അതിനാലാണ് നാം ഏവരും അത്യാഹ്ലാദത്തോടും, ആഴമായ ആത്മീയതയോടും ഉയിർപ്പു പെരുന്നാൾ ആചരിക്കുന്നത്. പൗരസ്ത്യ ആരാധനയുടെ കേന്ദ്രം ഉയിർപ്പു പെരുന്നാൾ ആണ്. അതിന്റെ പ്രധാന പ്രമേയം സമാധാനമാണ്. നമ്മുടെ കർത്താവ് മരണത്തിൽ നിന്ന് ഉത്ഥാനം ചെയ്തുപോയ വിശ്വാസികൾ ആത്മീയ മരണത്തിൽ നിന്നു ഉത്ഥാനം ചെയ്യേണ്ട വിളിയാണ് ഉയിർപ്പ് പെരുന്നാൾ. നമ്മുടെ പാപത്തിന്റെയും അവിശ്വാസത്തിന്റെയും കല്ലറകൾ പൊളിക്കണം. നമ്മുടെ സമീപത്തുള്ള ക്രൂശിതനെ കാണാൻ ശ്രമിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം നമ്മിൽ നിറയും. ഈ വലിയ നോമ്പിന്റെ പൂർത്തീകരണം എന്നു പറയുന്നത്, നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളിയാകുവാനും, ക്രിസ്തുവിന്റെ ക്രൂശുമരണത്തോടും, അടക്കത്തോടും താതാദ്മ്യം പ്രാപിക്കുവാനും, ഉത്ഥാനത്തിന്റെ വലിയ സന്ദേശം ഉത്ഘോഷിക്കുവാനും സാധിക്കുമ്പോഴാണ്. അതിന് ഈ നോമ്പും, നമസ്കാരങ്ങളും, പ്രാർത്ഥനകളും, വി. കുമ്പസാരവും, നമ്മെ യോഗ്യമാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

വീണ്ടും ഒരിക്കൽക്കൂടി നമുക്ക് ഉച്ചത്തിൽ അട്ടഹസിച്ചു പറയാം

CHRIST IS RISEN !
TRULY HE IS RISEN.

സ്നേഹത്തോടെ
ജിജുഅച്ചൻ

## നിര്യാതരായി

ഈ ഇടവകാംഗം തമ്മനം കുറ്റിപ്ലാക്കൽ വീട്ടിൽ സാജു കെ. വർഗീസിന്റെ മാതാവ് **സാറാമ്മ വർഗീസ്** (86 വയസ്സ്) മാർച്ച് മാസം 26-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാരം 28-ാം തീയതി പ്രക്കാനം സെൻറ്. ഇഗ്നേഷ്യസ് പള്ളിയിൽ നടത്തപ്പെട്ടു.



ഈ ഇടവകാംഗം സെന്റ് ബെനഡിക്ട് റോഡ് പനക്കൽ വീട്ടിൽ **പി. സി. ഇട്ടി മാത്യു** ഏപ്രിൽ മാസം 04-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാരം 05-ാം തീയതി ചിറ്റൂർ റോഡ് സെമിത്തേരിയിൽ നടത്തപ്പെട്ടു.

*ആദരാഞ്ജലികൾ*

Orthodox Vacation Bible School 2019
OVBS
God is My Greatest Joy
ദൈവം എന്റെ പരമാനന്ദം

**ഒ. വി. ബി. എസ്. (ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്ക്കൂൾ) ഏപ്രിൽ 22 ന് കത്തീഡ്രലിൽ ആരംഭിക്കുന്നതാണ്.**

ATTENTION PLEASE: Parish Members and their children who are residing outside the state / country may submit their email ID to <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## വി. കുർബ്ബാന സമയം

എളംകുളം ചാപ്പൽ: Apr 28 - 07.00 am, May 05 - 10.00 am

സെമിത്തേരിമുക്ക് ചാപ്പൽ: May 05 - 07.30 am

**കത്തീഡ്രലിലും, സെമിത്തേരിമുക്ക് ചാപ്പലിലും ഏപ്രിൽ 20 ഒഴികെ എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**








## മെൽത്തൊ ഓർത്തഡോക്സ് ഗോസ്പൽ കൺവൻഷൻ 2019

എറണാകുളം മെൽത്തൊ ഓർത്തഡോക്സ് കൺവൻഷന്റെ പത്താമത് യോഗം അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെ മഹനീയ അദ്ധ്യക്ഷതയിൽ മാർച്ചുമാസം 15, 16, 17 വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ മറൈൻഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ടിൽ നടത്തപ്പെട്ടു.

ആദ്യദിനം കൺവൻഷൻ ഉൽഘാടനവും, വചന പ്രഘോഷണവും അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം തിരുമേനി നിർവ്വഹിച്ചു. രണ്ടാം ദിനം പ്രൊഫ. ഇട്ടി വർഗീസും, മൂന്നാം ദിനം ഫാ. തോമസ് രാജുവും വചന ഘോഷണം നടത്തി. കുടുംബ സംഗമം, യുവജന സംഗമം എന്നിവയ്ക്ക് യഥാക്രമം മിസ്സിസ് ലിഡാ ജേക്കബ് IAS, ഡോ. അലക്സാണ്ടർ ജേക്കബ് (മുൻ DGP) എന്നിവർ നേതൃത്വം നൽകി. കേനോറോ ഗായക സംഘത്തിന്റെ ഗാനശുശ്രുഷ കൺവൻഷന് ആത്മീയ ഉണർവ്വ് പകർന്നു. പതിവിൻ പ്രകാരം സമാധാനത്തിന്റെയും ഐക്യത്തിന്റെയും ആത്മീയ പ്രകാശത്തിന്റെയും ദിവ്യസന്ദേശം പേറുന്ന കാൻഡിൽ പ്രയർ നടത്തപ്പെട്ടു.







## എപ്പിസ്കോപ്പൽ രജത ജൂബിലി ആഘോഷം



കൊച്ചി മെത്രാസനാധിപൻ അഭിവന്ദ്യ. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത തിരുമേനിയുടെ മെത്രാഭിഷേക രജത ജൂബിലി ആഘോഷം എറണാകുളം മറൈൻ ഡ്രൈവ് ഹെലിപ്പാഡ് ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ മാർച്ചുമാസം 17-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ 5.30 വരെ ആഘോഷിച്ചു. പ്രസ്തുത ചടങ്ങിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വീതിയൻ കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിച്ചു. സുപ്രിം കോടതി മുൻ ചീഫ് ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ് അവർകൾ ഉത്ഘാടനം നിർവ്വഹിച്ചു. കേന്ദ്ര ടൂറിസം മന്ത്രി അൽഫോൻസ് കണ്ണന്താനം, പരമ പൂജ്യ സ്വാമി അഗ്നിവേശ്, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, സഭാപിതാക്കന്മാർ കേരളത്തിനകത്തും പുറത്തും ഇന്ത്യക്ക് വെളിയിൽ നിന്നുമുള്ള വേദശാസ്ത്ര, സമുദായിക, രാഷ്ട്രീയ, സാംസ്ക്കാരിക രംഗത്തെ പ്രമുഖർ എന്നിവർ ആശംസ അറിയിച്ചു. ഭദ്രാസനത്തിന്റെ എല്ലാ ഭാഗത്തു നിന്നും വന്നെത്തിയ നിറഞ്ഞ വിശ്വാസ സമൂഹത്തിന്റെ സാന്നിധ്യം ആഘോഷത്തിനു മേളക്കൊഴുപ്പ് ഏകി. സഭയുടെ വിവിധ ഭാഗത്തു നിന്നും എത്തിയ വൈദീകർ, കന്യാസ്ത്രീകൾ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യം അഭിവന്ദ്യ തിരുമേനിയോടുള്ള സ്നേഹ സൂചകമായി മാറി.

## വിശേഷ ദിവസങ്ങൾ

ഏപ്രിൽ

| | | |
|---|---|---|
| 12 | വെള്ളി | നാൽപ്പതാം വെള്ളിയാഴ്ച |
| 14 | ഞായർ | ഓശാന ഞായറാഴ്ച |
| 17 | ബുധൻ | എളംകുളം ചാപ്പലിൽ വൈകിട്ട് 10 ന് വി. കുർബ്ബാന |
| 18 | വ്യാഴം | പെസഹ വ്യാഴം രാവിലെ 2.30 ന് വി. കുർബ്ബാന |
| 19 | വെള്ളി | ദുഃഖ വെള്ളിയാഴ്ച (വലിയ വെള്ളിയാഴ്ച) |
| 20 | ശനി | ദുഃഖ ശനിയാഴ്ച എളംകുളം ചാപ്പലിൽ രാവിലെ 7.30 ന്, കത്തീഡ്രലിൽ 11.00 ന് കുർബ്ബാന (അറിയിപ്പിന്റെ ശനി) |
| 21 | ഞായർ | ഉയിർപ്പുപെരുന്നാൾ ഈസ്റ്റർ |
| 28 | ഞായർ | പുതു ഞായർ |

മെയ്

| | | |
|---|---|---|
| 03 | വെള്ളി | പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്ക ബാവയുടെ 106-ാം ഓർമ്മ (പാമ്പാക്കുട ചെറിയ പള്ളി) |
| 05 | ഞായർ | പുതു ഞായാറാഴ്ചക്കുശേഷം ഒന്നാം ഞായാറാഴ്ച |